"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) Phase II - സംസ്ഥാന തല Apex കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ. എം) വകുപ്പ്

സ.ഉ.(സാധാ) നം.884/2025/LSGD തീയതി,തിരുവനന്തപുരം, 01-04-2025

---

പരാമർശം:-

1. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) Phase II മാർഗരേഖ
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02/04/2024-ലെ 1872/A/2024/SM നമ്പർ കത്ത്

**ഉത്തരവ്**

സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ Phase II പദ്ധതി പ്രവർത്തനങ്ങളുടെ മേൽ നോട്ടത്തിനും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു Apex കമ്മിറ്റി രൂപീകരിക്കണമെന്ന് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) Phase II മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട് എന്നും, എന്നാൽ ശുചിത്വ മിഷനിൽ ഇത്തരത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടില്ല എന്നും, ആയതിനാൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) Phase II പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷൻ ആയ മേൽ പറഞ്ഞ Apex കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം(2) പ്രകാരം ആവശ്യപ്പെട്ടു .

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ Phase II പദ്ധതി പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു Apex കമ്മിറ്റി ചുവടെ പട്ടികപ്പെടുത്തും വിധത്തിൽ രൂപീകരിച്ച് ഉത്തരവാകുന്നു .

| | |
|---|---|
| അദ്ധ്യക്ഷൻ | ചീഫ് സെക്രട്ടറി |
| നോഡൽ സെക്രട്ടറി | സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് |
| അംഗങ്ങൾ | 1. സെക്രട്ടറി, ജലവിഭവ വകുപ്പ് |
| | 2. സെക്രട്ടറി, കൃഷി വകുപ്പ് |
| | 3. സെക്രട്ടറി, ആരോഗ്യവകുപ്പ് |
| | 4. സെക്രട്ടറി, വിദ്യാഭ്യാസ വകുപ്പ് |
| | 5. സെക്രട്ടറി, ധനകാര്യ വകുപ്പ് |
| | 6.സെക്രട്ടറി, ഇൻഫർമേഷൻ ആൻ്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ് |
| | 7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |
| | |

| | |
|---|---|
| | 8. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ |
| | 9. സാനിട്ടേഷൻ, ഹൈഡ്രോളജി, ഐ.ഇ.സി, എച്ച്.ആർ.ഡി., എം.ഐ.എസ്, മീഡിയ, എൻ.ജി.ഒ.കൾ നിന്നുള്ള എക്സ്പെർട്ടുകൾ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ & പി ആർ ഡി, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 01-04-2025 16:28:22

സെക്ഷൻ ഓഫീസർ

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എയ്ക്ക്

ജലവിഭവ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്

കൃഷി വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്

ആരോഗ്യവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്

വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി എയ്ക്ക്

ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്

ഇൻഫർമേഷൻ ആൻ്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്